"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ പത്തനാപുരം സെന്റ് സ്റ്റീഫൻ ഹൈസ്കൂളിലെ അധ്യാപികയായ ശ്രീമതി ഷോർണി വർഗീസ് സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4534/2026/GEDN തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-

1. ശ്രീമതി ഷോർണി വർഗീസ്, എൽ.ജി. (ഹിന്ദി) അധ്യാപിക, സെന്റ് സ്റ്റീഫൻ ഹൈസ്കൂൾ, പത്തനാപുരം സമർപ്പിച്ച 30.12.2025-ലെ ഹർജി.
2. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09.02.2026-ലെ DEOPLR/200/2026-B6 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.02.2026-ലെ ഇടി5/2228/2026/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പത്തനാപുരം സെന്റ് സ്റ്റീഫൻ ഹൈസ്കൂളിലെ അധ്യാപികയായ ശ്രീമതി ഷോർണി വർഗീസ്, നിയമനാംഗീകാരം റഗുലർ ശമ്പള സ്കെയിലിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് സമർപ്പിച്ച പരാമർശം (1) ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരിയുടെ പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 10.02.2026-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) **നേരിൽ കേട്ട വേളയിൽ ഹർജിക്കാരി ചുവടെ ചേർക്കും പ്രകാരം വാദിച്ചു**

ഞാൻ 20.07.2016 മുതൽ പത്തനാപുരം സെന്റ് സ്റ്റീഫൻ ഹൈസ്കൂളിൽ എൽ.ജി (ഹിന്ദി) അഡീഷണൽ തസ്തികയിൽ നിയമിക്കപ്പെടുകയും 14.07.2018 വരെ ടി തസ്തികയിൽ തുടർന്നിട്ടുള്ളതുമാണ്. 2018-2019 അധ്യയന വർഷം പോസ്റ്റ് നഷ്ടപ്പെടുകയും പുറത്താവുകയും ചെയ്തു. തുടർന്ന് ടി സ്കൂളിലെ തന്നെ എൽ.ജി (ഹിന്ദി) ശ്രീമതി സി.പി.മറിയാമ്മ 31.03.2020 ൽ വിരമിച്ച ഒഴിവിൽ 02.08.2021 മുതൽ എന്നെ പുനർ നിയമിച്ചിട്ടുള്ളതാണ്. എന്റെ പുനർ നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ET5/238789 തീയതി 25/09/2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20/10/2021 മുതൽ പ്രൊവിഷണലായി പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ B6/45406/2023 തീയതി 27/11/2023 ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. എന്റെ പുനർ നിയമനം 02.08.2021 മുതൽ റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കണമെന്നതിലേക്ക് ബഹുമാനപ്പെട്ട മാനേജർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് സ.ഉ.(സാധാ).നം.5883/2025/G.Edn തീയതി 27/08/2025 പ്രകാരം തീർപ്പാക്കിയിട്ടുള്ളതുമാണ് അതുപ്രകാരം എന്റെ നിയമനം, ഞാൻ നിയമനം ലഭിക്കുന്നതിനു

പൂർണ്ണയോഗ്യത നേടിയ 20.10.2021 മുതൽ അംഗീകരിക്കുന്നതിന് നിർദ്ദേശം പുനലൂർ ഡി.ഇ.ഒ യ്ക്ക് നൽകിയിട്ടുണ്ട്. ആയത് റഗുലർ ശമ്പള സ്കെയിലിൽ ആണോ എന്ന് വ്യക്തത വരുത്തുന്നതിനും അപ്രകാരം റഗുലർ ശമ്പള സ്കെയിൽ അനുവദിച്ച് ഒരു തീർപ്പ് ഉണ്ടാകുന്നതിലേക്കും ഈ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാകുന്നു. എന്റെ പുനർ നിയമനതീയതിയായ 02.08.2021 മുതൽ റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കണമെന്നതിലേക്ക് കീഴ്ഘടകം പ്രധാനമായും രണ്ട് തടസ്സങ്ങളാണ് ഉന്നയിച്ചത്. ഒന്ന് K.TET യോഗ്യത സംബന്ധിച്ചും രണ്ട് ഭിന്നശേഷി സംവരണം സംബന്ധിച്ചും. ബഹു.സർക്കാർ ഈ തർക്കങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച വിഷയം ഇതിൽ ബാധകമല്ല എങ്കിലും 12/02/2021 ലെ സ.ഉ.(കൈ).നം.58/2021 പ്രകാരം സമയപരിധിക്കുള്ളിൽ കെ-ടെറ്റ് യോഗ്യതനേടിയിട്ടില്ല എന്നതിനാൽ യോഗ്യത നേടിയ 20.10.2021 മുതൽ എന്റെ പുനർ നിയമനം അംഗീകരിക്കുന്നതിനാണ്. സ.ഉ.(സാധാ) നം. 5883/2025/G.Edn തീയതി 27/08/2025 ഉത്തരവ് നല്കിയിരിക്കുന്നത്.

ii) കെ-ടെറ്റ് സംബന്ധിച്ച് 12/02/2021 ലെ സ.ഉ (കൈ)നം 58/2021 പ്രകാരം സമയപരിധിക്കുള്ളിൽ, ടി യോഗ്യത നേടിയിട്ടില്ല എന്ന തർക്കം നിലനില്ക്കത്തക്കതല്ല എന്ന് സവിനയം ബോധിപ്പിക്കട്ടെ. ഞാൻ 20.07.2016 -ൽ നിയമിക്കപ്പെടുകയും 2016-17, 2017-18 അക്കാദമിക വർഷങ്ങളിൽ തുടർച്ചയായി ജോലി ചെയ്യുകയും 2018-19 വർഷം ഡിവിഷൻഫാൾ കാരണം പോസ്റ്റ് നഷ്ടപ്പെട്ട് 15.07.2018 ന് പുറത്ത് പോയിട്ടുള്ളതുമാണ്. എന്റെ 20.07.2016 മുതലുള്ള ആദ്യ നിയമനം പുനലൂർ ഡി.ഇ.ഒ B6/22123/2021 തീയതി 28.05.2021 ഉത്തരവിലൂടെ അംഗീകരിച്ചിട്ടുള്ളതാണ്. ഡിവിഷൻഫാൾ കാരണം പോസ്റ്റ് നഷ്ടപ്പെട്ട് പുറത്ത് പോയിട്ടുള്ള എന്നെ KER Ch.XIV A rule 51 A അവകാശിയായി കണക്കാക്കേണ്ടതാണ്. എനിക്ക് യാതൊരു തരത്തിലും GO(P) 294/2012/G.Edn തീയതി 20/09/2012 സർക്കാർ ഉത്തരവ് ബാധകമല്ല. മാത്രമല്ല ടി ഉത്തരവിന് പിന്നീടുണ്ടായിട്ടുള്ള ഭേദഗതികൾ പരിഗണിക്കേണ്ടിയിരുന്നു. ടി ഉത്തരവിൽ 2012-2013 വർഷം നടന്ന LWA നിയമനങ്ങൾക്ക് ബാധകമായ പ്രസ്താവന അനുസരിച്ച് ഞാൻ 51(A) അവകാശി അല്ല എന്ന കണ്ടെത്തൽ നിലനിൽക്കുന്നതല്ല. ടി ഉത്തരവിൽ LWA ഒഴിവിൽ പ്രവർത്തിച്ചവർ K.TET യോഗ്യത നേടിയിട്ടില്ലെങ്കിൽ 51A അവകാശിയായി കണക്കാക്കാനാകില്ല എന്നത് എന്റെ നിയമനത്തിന് ബാധകമല്ല. എന്റെ നിയമനം LWA ഒഴിവിൽ ആയിരുന്നില്ല. 2012-13 കാലയളവിൽ നിയമിതരാകുന്നവർക്ക് K.TET യോഗ്യത നേടുന്നതിന് അഞ്ച് വർഷം സാവകാശം നൽകിയതും എനിക്ക് ബാധകമല്ല. കാരണം എന്റെ ആദ്യ നിയമനം 2016-17 ലാണ്. GO(P) 179/2021/G.Edn തീയതി 18/08/2021, സ.ഉ.(കൈ).നം. 58/2021/G.Edn തീയതി 12/02/2021 എന്നീ ഉത്തരവുകൾ പ്രകാരം ടി ഉത്തരവ് ഭേദഗതി ചെയ്ത് 2019-20 വർഷം വരെ നിയമിതരായവർക്ക് 2020-21 സ്കൂൾവർഷാവസാനം വരെ K.TET യോഗ്യത നേടുന്നതിന് സാവകാശം നൽകിയിരുന്നതാണ്. ആയത് വീണ്ടും ഭേദഗതി ചെയ്ത് സ.ഉ(കൈ)നം.15/2023/G.Edn തീയതി 17/02/2023 പ്രകാരം 2023 ജൂൺ മാസം നടത്തുന്ന പ്രത്യേക പരീക്ഷ വരെ ദീർഘിപ്പിച്ചുള്ളതാണ്. വീണ്ടും GO(P) 133/2024/G.Edn തീയതി 05/11/2024 പ്രകാരം 2025 മെയ് മാസം നടത്തുന്ന പ്രത്യേക പരീക്ഷ വരെ K.TET യോഗ്യത നേടുന്നതിന് സമയം ദീർഘിപ്പിച്ചുള്ളതാണ്. ആയതിനാൽ സമയപരിധിക്കുള്ളിൽ യോഗ്യത നേടിയില്ല എന്ന കണ്ടെത്തൽ മേൽ ഉത്തരവുകളുടെ സാഹചര്യത്തിൽ പുനപ്പരിശോധിക്കണം എന്ന് അപേക്ഷിക്കുന്നു.

iii) G.O (P) 133/2024/G.Edn തീയതി 05/11/2024 ലെ ഖണ്ഡികകൾ III, IV പ്രകാരം K.TET

യോഗ്യത നേടുന്നതിന് സാവകാശ നൽകിയിട്ടുള്ള കാലയളവിൽ K.TET യോഗ്യത നേടുന്നവർക്ക് അവരുടെ നിയമന തീയതി മുതൽ പ്രാബേഷൻ ഇൻക്രിമെന്റ് എന്നിവ അനുവദിക്കുന്നു. സ.ഉ.(കൈ).നം.15/2023/G.Edn തീയതി 17/02/2023 ലെ ഖണ്ഡിക 3 പ്രകാരം K.TET യോഗ്യത നേടുന്നതിന് ഇളവ് നൽകിയിട്ടുള്ള കാലയളവിൽ K.TET യോഗ്യത ആർജിക്കുന്ന പക്ഷം അവരെ കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 3 ൽ അനുശാസിക്കുന്ന പ്രകാരം ഇനിഷ്യൽ ഡേറ്റ് ഓഫ് അപ്പോയിമെന്റ് ആദ്യ നിയമന തീയതി മുതൽ നിർദ്ദിഷ്ട യോഗ്യത ഉള്ളതായി കണക്കാക്കി അവരുടെ പ്രൊബേഷൻ ഡിക്ളറേഷൻ, ഇൻക്രിമെന്റ് എന്നിവ അനുവദിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. ആയതിനാൽ എനിക്ക് ആദ്യ നിയമന തീയതിയായ 20.07.2016 മുതലുള്ള പ്രൊബേഷൻ ഡിക്ളറേഷൻ, ഇൻക്രിമെന്റ് എന്നിവ അനുവദിക്കാവുന്നതാണ് എന്ന് സവിനയം ബോധിപ്പിക്കുന്നു. അല്ലാത്തപക്ഷം പുനർനിയമന തീയതിയായ 02/08/2021 തീയതി മുതൽ എങ്കിലും ഇൻക്രിമെന്റുൾപ്പെടെ റഗുലർ സ്കെയിൽ ഓഫ് പേ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

iv) ഞാൻ കോവിഡിനു ശേഷം 03.09.2021 ൽ ആദ്യമായി നടന്ന K.TET (May 2021) പരീക്ഷ പാസ്സായിട്ടുള്ളതാണ് ആയതിന്റെ റിസൾറ്റ് പ്രഖ്യാപിച്ചത് 20.10.2021 ആണ്. മുന്നാൽ നിയമിതരായവർക്ക് യോഗ്യത നേടുക എന്നതാണ് മുഖ്യം. യോഗ്യതനേടുന്ന തീയതി മാനദണ്ഡമല്ല എന്നിരിക്കെ റിസൾറ്റ് പ്രഖ്യാപിച്ച 20.10.2021 തീയതി മുതൽ മാത്രം അംഗീകാരം നല്കിയിരിക്കുന്നത് സ.ഉ.(കൈ).നം.15/2023/G.Edn തീയതി 17/08/2023, G.O.(P).133/2024/G.Edn തീയതി 05/11/2024 എന്നിവയുടെ അടിസ്ഥാനത്തിൽ പുനപ്പരിശോധിക്കണം എന്ന് അപേക്ഷിക്കുന്നു. ഭിന്നശേഷി വിഷയം വീണ്ടും ഉന്നയിക്കുന്ന പക്ഷം ആയതിന്റെ മറുപടി കൂടി സവിനയം സമർപ്പിക്കുന്നു. ഭിന്നശേഷി സംവരണ വ്യവസ്ഥകളും എന്റെ നിയമനം അംഗീകരിക്കുന്നതിന് തടസ്സമില്ലാത്തതാണ്. എന്റെ അംഗീകാരം പ്രൊപ്പോസൽ പുനലൂർ ഡി.ഇ.ഒ തള്ളിയ ഉത്തരവിലും കാലത്തും ഭിന്നശേഷിയുമായി ബന്ധപ്പെട്ട തടസ്സം ഉന്നയിച്ചിട്ടില്ലാത്തതും നിലവിലില്ലാത്തതും ആണ്. എന്നിരിക്കെ എന്റെ നിയമനവുമായി യാതൊരു ബന്ധവുമില്ലാത്തതും പുനലൂർ ഡി ഇ ഒ യുടെ നിരസന ഉത്തരവിൽ പ്രസ്താവിക്കാത്തതുമായ ഭിന്നശേഷിയുമായി ബന്ധപ്പെട്ട ഉണ്ടായ വിധികൾ എനിക്ക് ബാധകമാക്കിയുമുള്ള കൊല്ലം ഡി.ഡി യുടെയും പൊതു വിദ്യാഭ്യാസ അഡീ.ഡയറക്ടറുടെയും ഉത്തരവുകളും പ്രസ്താവനകളും നിലനിൽക്കത്തക്കതല്ല. 02.08.2021 മുതൽ എന്നെ പുനർ നിയമിച്ചിട്ടുള്ള അംഗീകാര പ്രൊപ്പോസൽ പുനലൂർ ഡി.ഇ.ഒ. നിരസിച്ച ഉത്തരവ് നം.ബി.6/29349/2021 തീയതി 16/09/2021ൽ K.TET യോഗ്യത നേടിയിട്ടില്ല എന്ന ഒറ്റ കാരണമാണ് ഉന്നയിച്ചിരിക്കുന്നത്. ഭിന്നശേഷിയുമായി ബന്ധപ്പെട്ട റിട്ട് ഹർജി 19808/2021 ൽ 10/08/2022 നാണ് വിധി ഉണ്ടായത്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2023/GEdn തീയതി 24.03.2023 പ്രകാരവും ഡി.ജി.ഇ സർക്കുലർ നം.എച്ച് 12313/2022 തീയതി 22/09/2022 പ്രകാരവും 08.11.2021, നു ശേഷം ഉണ്ടായ ഒഴിവുകളിൽ മാത്രമാണ് ഭിന്നശേഷി സംവരണം മുന്നാൽ ബാധകമായിട്ടുള്ളത്. ഡി.ജി.ഇ സർക്കുലർ നം.എച്ച്2/295299/2021 തീയതി 23/11/2022 ഖണ്ഡിക IV പ്രകാരം ഭിന്നശേഷി ഒഴിവുകൾ കണക്കാക്കുമ്പോൾ KER അദ്ധ്യായം XIV A ചട്ടം 1(1),43,51A,51B അദ്ധ്യായം XXIV A ചട്ടം 9A അവകാശികളുടെ നിയമനവും സ്ഥാനകയറ്റവും ഭിന്നശേഷി നിയമനത്തിന് പരിഗണിക്കേണ്ടതില്ല. ആയതിനാൽ 2016 ൽ നിയമിതയായി 2016-17, 2017-18 അക്കാദമികവർഷം പ്രവർത്തിച്ച് ഡിവിഷൻ ഫാൾകാരണം 15/07/2018 ൽ പുറത്തായ എന്നെ 51A അവകാശിയായി പരിഗണിച്ച് എന്റെ ആദ്യനിയമന തീയതിയായ 20/07/2016 മുതലോ എന്റെ പുനർ നിയമനം തീയതിയായ 02.08.2021 മുതലോ റഗുലർ ശമ്പള സ്കെയിലിൽ സർവ്വീസ് അംഗീകരിക്കുന്നതിന് യാതൊരു നിയമ തടസ്സവും ഇല്ല

എന്നും അപ്രകാരം അനുവദിച്ച് സങ്കടനിവർത്തി വരുത്തണമെന്നും സവിനയം ബോധിപ്പിക്കുന്നു.

3) ഹിയറിംഗ് വേളയിൽ ഹർജിക്കാരി ഉന്നയിച്ച അതേ വാദങ്ങളാണ് മാനേജരും ഉന്നയിച്ചത്.

4) **<u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.</u>**

പത്തനാപുരം സെന്റ് സ്റ്റീഫൻസ് എച്ച്.എസ്-ൽ 2016-17 വർഷം ഉണ്ടായ ഫുൾ ടൈം ജൂനിയർ ഹിന്ദി അധിക തസ്തികയിൽ ശ്രീമതി. ഷോർണി വർഗീസിനെ 20/07/2016 മുതൽ ജൂനിയർ ഹിന്ദി അദ്ധ്യാപികയായി മാനേജർ നിയമിച്ചു. ടി നിയമനം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ജി.ഒ.(പി).4/21 പൊ.വി.വ തീയതി 06/02/2021 പ്രകാരം മാനേജർ സമർപ്പിച്ച സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ സ.ഉ.(കൈ).58/2021/പൊ.വി.വ തീയതി 12/02/2021 പ്രകാരം കെ-ടെറ്റ് നേടുന്നതിൽ ഇളവ് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചിരുന്നു. ടി തസ്തികയിൽ ജീവനക്കാരി സർവീസിൽ തുടർന്നു വരവേ 14/07/2018 മുതൽ 2018-19 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം തസ്തിക നഷ്ടപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർവീസിൽ നിന്ന് പുറത്തായിട്ടുണ്ട്. തുടർന്ന് ടി അദ്ധ്യാപികയെ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്. പത്തനാപുരം സ്കൂളിലെ ജൂനിയർ ഹിന്ദി അദ്ധ്യാപിക ആയിരുന്ന ശ്രീമതി.സി.പി.മറിയാമ്മ 31/03/2020 ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ 02.08.2021 മുതൽ പുനർനിയമനം നൽകി മാനേജർ നിയമിച്ചു പ്രോപ്പോസൽ അംഗീകാരത്തിനായി പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. ടി നിയമനം ജീവനക്കാരി കെ.ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്ന കാരണത്താൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി. ടി വിഷയത്തിൽ മാനേജർ തുടർന്ന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തവ് നമ്പർ B6-217001/2022 തീയതി 26/04/2022 പ്രകാരം ടിയാൾ ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപിക തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള പൂർണ്ണ യോഗ്യത ആർജിച്ച 20-10-2021 മുതൽ ശ്രീമതി.ഷോർണി വർഗ്ഗീസിന്റെ പുനർനിയമനം പരിഗണിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മാനേജർ പ്രൊപോസൽ പുന:സമർപ്പിക്കുകയുണ്ടായി. 20-09-2012 ലെ G.O.(P) No.294/2012/G.Edn. സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ കെ.ഇ.ആർ.അധ്യായം XIV എ ചട്ടം 51 എ അവകാശിയായി കണക്കാക്കാൻ കഴിയുന്നതല്ല എന്ന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ അപ്പിൽ ഉത്തരവിന്റെ ഖണ്ഡിക (2) ൽ വ്യക്തമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജി.ഒ.(കൈ).111/2022/പൊ.വി.വ തീയതി 25/06/2022 പ്രകാരമുള്ള ഭിന്നശേഷിക്കാർക്കായി സംവരണം ഉൾപ്പെടുത്തിയ റോസ്റ്ററിന്റെ പകർപ്പ് മാനേജർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം വീണ്ടും നിരസിക്കുകയുണ്ടായി. ഇതിനെതിരെ കോർപ്പറേറ്റ് മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി ആയതിന്റെ അടിസ്ഥാനത്തിൽ 10/04/2023 തീയതിയിലെ ബി6/218427/2022 പ്രകാരം ഭിന്നശേഷി വ്യവസ്ഥകൾക്ക് വിധേയമായി ടിയാളുടെ നിയമന അപേക്ഷ മാനേജർ സമർപ്പിക്കുന്ന പക്ഷം ചട്ട പ്രകാരം പരിഗണിച്ച് തീർപ്പാക്കാൻ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവായിരുന്നു.

ii) മാനേജർ റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും സമർപ്പിക്കുകയുണ്ടായി. ടി അപ്പലേറ്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) പുറപ്പെടുവിച്ച ഉത്തരവ് നമ്പർ ET5/238789/2022 തീയതി 25/09/2023 പ്രകാരം ടി നിയമനം വ്യവസ്ഥാപിതമായ ഒഴിവ്, നിയമനാർഥിയുടെ യോഗ്യത, പ്രായപരിധി എന്നിവ ചട്ടപ്രകാരമാണെന്ന് ഉറപ്പ് വരുത്തി ടിയാളുടെ നിയമനം ചട്ടപ്രകാരം മറ്റെല്ലാ തരത്തിലും ക്രമപ്രകാരമെങ്കിൽ 06-07-2021 ലെ സ.ഉ.(സാധാ).നം.3287/2021/പൊ.വി.വ. സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ സംരക്ഷിത അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ബഹു.കോടതികളിൽ നിലനിൽക്കുന്ന കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി ആവശ്യമെങ്കിൽ പുനഃപരിശോധിക്കുന്നതാണെന്ന നിബന്ധനക്ക് വിധേയമായും, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനവുമായി ബന്ധപ്പെട്ട് ബഹു.കേരളാ ഹൈക്കോടതി റിട്ട് ഹർജി നം.19808/2021 കേസിൽ പുറപ്പെടുവിച്ചിട്ടുള്ള 23-09-2021 ഉത്തരവ് പ്രകാരമുള്ള "സ്റ്റേ" ഒഴിവാകുന്ന മുറക്കും ശ്രീമതി.ഷോർണി വർഗീസിന്റെ ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപികയായുള്ള നിയമനം 20-10-2021 മുതൽ മാത്രമായി പരിമിതപ്പെടുത്തി അംഗീകാരത്തിനായി പരിഗണിക്കുവാൻ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് മാനേജർ സമർപ്പിച്ച അപ്പിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് നം. B6-217001/2022 തീയതി 26/04/2022 പ്രകാരം തീർപ്പാക്കിയിരുന്ന സാഹചര്യത്തിൽ ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപിക തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള പൂർണ്ണ യോഗ്യത ആർജിച്ച 20-10-2021 മുതൽ ശ്രീമതി. ഷോർണി വർഗ്ഗീസിന്റെ പുനർ നിയമനം പരിഗണിക്കാൻ ജില്ലാ വിദ്യഭ്യാസ ഓഫീസർക്ക് മറ്റൊരു അപ്പലേറ്റ് ഉത്തരവിന്റെ ആവശ്യം ഇല്ല എന്ന് ഉത്തരവായിരുന്നു. മറ്റു അപാകതകൾ പരിഹരിച്ച് നിയമന പ്രപ്പോസൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് മുൻപാകെ പുനഃസമർപ്പിക്കുവാൻ മാനേജർക്ക് നിർദേശം നല്കിയിരുന്നു. മേൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ടി നിയമന പ്രൊപ്പോസൽ 01/11/2023 ജെ.ആർ1/502/2023-പൊവിവ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പുനലൂർ ജില്ലാ വിദ്യഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ B6/45406/2023 തീയതി 27/11/2023 പ്രകാരം ശ്രീമതി. ഷോർണി വർഗ്ഗീസിന്റെ പുനർ നിയമനം, ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപക തസ്തികയിൽ ശ്രീമതി. സി.പി.മറിയാമ്മ 31/03/2020 ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ നിയമനം ലഭിക്കുന്നതിനുള്ള പൂർണ്ണ യോഗ്യത ആർജിച്ച 20-10-2021 മുതൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രിം കോടതിയിലും ബഹു. ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്കു വിധേയമായി പ്രൊവിഷണലായി ശമ്പള സ്കെയിലിൽ നിയമനാംഗീകാരം നല്കുകയുണ്ടായി.

iii) ടിയാളുടെ നിയമനം അംഗീകരിക്കുന്ന അവസരത്തിൽ കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ഇളവ് അനുവദിച്ചുകൊണ്ട് നിലവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ.(കൈ) 58/2021/പൊ.വി.വ തീയതി 12/02/2021 പ്രകാരം കെ-ടെറ്റ് യോഗ്യത നേടുന്നതിന് 2020-21 സ്കൂൾ വർഷാവസാനം വരെയാണ് സമയപരിധി ദീർഘിപ്പിച്ച് നൽകിയിരുന്നത്. എന്നാൽ ടി ജീവനക്കാരി കെ-ടെറ്റ് യോഗ്യത നേടിയത് 20/10/2021 ൽ മാത്രമാണ്. ആയതിനാൽ സ.ഉ (പി) 294/2012/പൊ.വി.വ. തീയതി 20/09/2012 പ്രകാരം ടിയാളെ ചട്ടം 51 (എ) അവകാശിയായി പരിഗണിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് നിയമനം പ്രൊവിഷണലായി 20/10/2021 മുതൽ ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകിയിട്ടുള്ളത്.

5) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ

ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. ആദ്യ നിയമനം 2016-17 ൽ ആയതിനാൽ G.O.(P)294/2012/G.Edn തീയതി 20/09/2012 സർക്കാർ ഉത്തരവ് ബാധകമല്ലായെന്നും, 20.10.2021 തീയതി മുതൽ മാത്രം അംഗീകാരം നല്കിയിരിക്കുന്നത് 17/08/2023-ലെ സ.ഉ (കൈ) നം 15/2023/G.Edn, 05/11/2024 -ലെ GO(P) 133/2024/G.Edn എന്നിവയുടെ അടിസ്ഥാനത്തിൽ പുന:പരിശോധിച്ച് 2016-17, 2017-18 അക്കാദമികവർഷം പ്രവർത്തിച്ച് ഡിവിഷൻ ഫാൾകാരണം 15/07/2018 ൽ പുറത്തായതിനാൽ 51A അവകാശിയായി പരിഗണിച്ച് ആദ്യനിയമന തീയതിയായ 20/07/2016 മുതലോ പുനർ നിയമനം തീയതിയായ 02.08.2021 മുതലോ റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിന് നിർദേശം നൽകണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം.

6) KER Chapter XIV A Rule 51 A ഇപ്രകാരം പറയുന്നു. "Qualified teachers who are relieved as per Rule 49 or 52 or on account of termination of vacancies shall have preference for appointment to future vacancies" കൂടാതെ സിവിൽ അപ്പീൽ നം. 1385/2025 മേലുള്ള 01/09/2025 തീയതിയിലെ ബഹു സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കെ-ടെറ്റ് യോഗ്യത നേടിയ അദ്ധ്യാപകർക്ക് മാത്രമേ നിയമനാംഗീകാരത്തിന് അർഹതയുള്ളൂ. ഇപ്രകാരം പരിശോധിക്കുമ്പോൾ 51A അവകാശത്തിന് അർഹതയില്ലാത്തതിനാൽ ഹർജിക്കാരി പൂർണ്ണയോഗ്യത ആർജ്ജിച്ചിരിക്കുന്ന 20-10-2021 മുതൽ ഭിന്നശേഷി സംവരണത്തിന് വിധേയമായി മാത്രമേ ടിയാൾക്ക് നിയമനാംഗീകാരത്തിന് അർഹതയുള്ളൂ എന്ന് കാണുന്നു. ആയതിനാൽ പരാമർശം (1) ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സവിത എം വി
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്, സൊസൈറ്റി ഓഫ് ദി ഓർഡർ ഓഫ് സേക്രഡ് ട്രാൻസ്ഫിഗറേഷൻ, മൗണ്ട് താബോർ, പത്തനാപുരം, കൊല്ലം. - 689 695
ശ്രീമതി. ഷോർണി വർഗ്ഗീസ്, യു.പി.എസ്.ടി.എ, സെന്റ് സ്റ്റീഫൻസ് ഹയർസെക്കന്ററി സ്കൂൾ, പത്തനാപുരം, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 07-07-2026 13:34:03
സെക്ഷൻ ഓഫീസർ